








# നവരം@വിരൽത്തുമ്പിൽ.com



**LittleKites Digital Magazine**

St.Antonys GHS Vatakara

# നമ്മുടെ വിദ്യാലയം



# നവരം@വിരൽത്തുമ്പിൽ.com

**വിരൽത്തുമ്പിലെ അറിവ്**

**ആകാശത്തോളം വളരട്ടെ....**

**അത് വേരുകളിൽനിന്ന്**

**പൂക്കളിലേയ്ക്ക് പ്രവഹിക്കട്ടെ....**

**അറിവ്-**

**വസന്തവും**

**തണലുമാകട്ടെ...........**

# MESSAGE



Through 75 years of fruitful and glorious service ,St. Antony's Girls HS has raised as light house in the heart of the town. As I stand at the threshold of the 75 years of it's history my memories go back to the apostolic Carmel sisters who sowed the seed of education here in response to the need and demand of the people of the locality .

I am sure that we have imparted the value based quality education to girls ,upholding the vision and mission of mother veronica and enhancing the tradition , culture and social status of kadathanad.

So it has became a great celebration of joy for us and the people around. On this auspicious occasion I express my sincere gratitude to God, for the selfless service of the staff, PTA ,well wishes and benefactors who strived together to fulfil this dream come true. Let me extend my congratulation and prayerful support to the members of the editorial board who took immense trouble to collaborate the innate talents and creativity of the young and the old. I wish all the best and the blessings of God almighty in its journey towards centenary .

**Sr. LILY .V .J**

HEADMISTRESS

# എഡിറ്റോറിയൽ



**കീർത്തന ബി**

വിവരസാങ്കേതിക വിദ്യയുടെ അനന്തവിഹായസ്സിലേക്ക് പറക്കാൻ കുഞ്ഞുചിറകുകൾക്ക് കരുത്ത് പകർന്നുകൊണ്ട്,കടത്തനാടിന്റെ വിദ്യാഭ്യാസനഭസിൽ എന്നും തങ്കനക്ഷത്രമായി പരിലസിക്കുന്ന സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ കൂട്ടായ പ്രവർത്തന ഫലമാണ് **നവരം@വിരൽത്തുമ്പിൽ.com** എന്ന ഡിജിറ്റൽ മാഗസിൻ .

സാങ്കേതികവിദ്യയുടെ വിസ്മയലോകത്തിലേക്ക്..... അനന്തമായ സാധ്യതകളുടെ അപാരതകളിലേക്ക്.....കുരുന്നു പ്രതിഭകളെ കൈപിടിച്ചു നയിക്കുന്ന വലിയ സംരഭമാണ് ലിറ്റിൽ കൈറ്റ്സ്. വിജ്ഞാനത്തിന്റെ അനന്തമേഖലയിലേക്ക് യഥേഷ്ടം കടന്നുചെല്ലാനും തന്റെ സർഗസൃഷ്ടികളെ ലോകത്തിന്റെ വിവിധകോണുകളിലേക്ക് എത്തിക്കാനും ഇ-വായനയ്ക്ക് സാധ്യമാകുന്ന ഈ കാലഘട്ടത്തിൽ ,**നവരം@വിരൽത്തുമ്പിൽ.com** നിങ്ങളുടെ സമക്ഷം വിനീതമായി സമർപ്പിക്കട്ടെ.

ശാസ്ത്രത്തിന്റെയും, സാങ്കേതിക വിദ്യയുടെയും വികാസം ഒരിക്കലും അവസാനിക്കുന്നില്ല. പുതിയ നേട്ടങ്ങൾക്ക് കാതോർത്ത് സഞ്ചരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കാൻ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയും എന്ന വിശ്വാസത്തോടെ.........

**സ്നേഹത്തോടെ**
**എഡിറ്റർ**

# Editorial Board


editor :Keerthana .B


Tr.Sindu Joy


Tr.Sreeja.N


Rithuvarna.v


Sreenanda.T.K


Yasaswini.V.K


Anunanda.P.P


Sangamithra.S


Gourynandana.G


Nanditha.V.Anil


Anaya.S


Malavika.k.v


Ameena sherin


Sandwana.K.K

(photography)

# ഉള്ളടക്കം

ആൻഫ്രാങ്കിൻെറ ഡയറിക്കുറിപ്പുകൾ....9
പ്രളയക്കാഴ്ചകൾ....12
മനസ്സിനെ കുളിരണിയിച്ച മൂന്നാർ....14
അതിജീവനത്തിൻെറ....17
നാൾവഴികൾ....17
നഷ്ടപ്പെട്ട നീരലാംബരി....20
സ്വതന്ത്ര സോഫ്റ്റ് വെയർ ഡേ....23
പോസ്റ്ററുകൾ....23
നൊമ്പരം....24
സ്നേഹസ്പർശം....25
നിറക്കൂട്ട്....27
ചേച്ചിയമ്മ....30
നിലാവെളിച്ചം....31
ദുരിതപ്പെയ്ത്ത്....34
എൻെറ സ്വപ്നം....36
ദുരിതപെയ്ത്ത്....39
ഭീതിതൻ വീഥികൾ....40
ഞാൻ മലാല....42
കുറ്റിപെൻസിൽ....44
STEPHEN HAWKING....47
സ്കൂളിന്റെ നേട്ടങ്ങൾ....48
2018-2019....48
ഉറവ....56
സ്റ്റാഫ്- സെൻറ് ആൻറണീസ് ജി എച്ച് എസ്....59
ലിറ്റിൽ കൈറ്റ്സ് ടീം....61
THE RIVER IN THE....62
COURTYARD....62
കൂട്ടുകാർ....69
JUVENILE CRIMES....70
SONG OF DREAM....72
TO TELL YOU HI....73
LIFE A TIME OF....75
CHANGES....75
PYRAMIDS....77
BIRTHDAY....78

ഒരു പുനർവിചിന്തനം....80
ചേമൻെറ തുടി....83
My ways....85
വളരുന്ന കേരളവും....86
തളരുന്ന മൂല്യങ്ങളും....86
THE SOUL OF OUR LIFE....91
വയനാടിൻെറ കുളിരിലേക്ക്....95
ബെന്യാമിന്റെആടുജീവിതം....97
മരം....100
നന്ദി പൂർവ്വം....101

# ആൻഫ്രാങ്കിൻെറ ഡയറിക്കുറിപ്പുകൾ

-ആസ്വാദനക്കുറിപ്പ്




ബൈബിളിനു ശേഷം കഥേതരവിഭാഗത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട പുസ്തകമാണ് ആൻഫ്രാങ്കിൻെറഡയറിക്കുറിപ്പുകൾ.വലുതാകുമ്പോൾ എഴുത്തുകാരിയാകണം എന്ന സ്വപനം കണ്ട ഒരു കൊച്ചു പെൺകുട്ടി.പക്ഷേ വിടരും മുമ്പേ അവൾ കൊഴിഞ്ഞുപ്പോയി.കിറ്റി എന്ന ഓമനപ്പേരിട്ടു വിളിച്ച ഈ ഡയറിയായിരുന്നു ആൻഫ്രാങ്കിൻെറ ഏറ്റവും നല്ല സുഹൃത്ത്.തൻെറ സ്വപ്നങ്ങളും ഇണക്കങ്ങളും പിണക്കങ്ങളും ദേഷ്യവുമെല്ലാം ആൻ പങ്കുവച്ചത്

കിറ്റിയോടായിരുന്നു.ജൂതരായഒട്ടോഫ്രാങ്ക്,എഡിത്ത് ഫ്രാങ്ക്ദമ്പതികളുടെ രണ്ട് പെൺമക്കളിൽഇളയവളായി 1929 ജൂണ് 12 ന് ജർമനിയിലെ ഫ്രാങ്ക്ഫർട്ടിൽ ജനിച്ചു.ഹിറ്റ്ലർ ജർമ്മൻ ചാൻസലറായി അധികാരമേറ്റതോടെ ജൂതരെ ദ്രോഹിക്കാനായി വംശോന്മൂലന സിദ്ധാന്തം നടപ്പാക്കി.അവർ രാജ്യം വിട്ട് ഹോളണ്ടിലേക്ക് ഓടി.1939 ൽ ഹിറ്റ്ലർ ഹോളണ്ട് ആക്രമിച്ചു കീഴടക്കി.ആ കുടുംബം ദുരിതത്തിലായി. ആംസ്റ്റർ ഡാമിലെ ഒരു കുടുസുമുറിയിൽ ആ കുടുംബം ഒളിച്ചു താമസിച്ചു.അച്ഛനെ ഏറെ ഇഷ്ടമുള്ളവളാണ് ആൻ.പക്ഷേ അമ്മ അവളുടെ സങ്കൽപ്പത്തിനൊത്തതല്ലായിരുന്നു.അമ്മയുടെ കുറ്റങ്ങളും തെറ്റുകളും അവൾ ഡയറിയിൽ ഉടനീളം എഴുതിയിട്ടുണ്ട്.അതിൽ അവൾ ദുഃഖിക്കുന്നുമുണ്ട്.എന്നാൽ അമ്മയെ ഏറെ സ്നേഹിക്കുന്നവളാണ് ആനിൻെറ മൂത്ത സഹോദരി മാർഗോട്ട്.ആ വീട്ടിൽ താമസിച്ചിരുന്ന മറ്റൊരു കുടുംബമായിരുന്നു വാൻഡാൻ.മിസ്റ്റിസ് വാൻഡാനെ ആനിന് ഇഷ്ടമല്ലായിരുന്നു.എന്നും അവർ തമ്മിൽ കലഹങ്ങളുണ്ടാകും.അവരുടെ മകൻ പീറ്റർ ഒരു മടിയനായിരുന്നു.അതിനാൽ തന്നെ അവർ തമ്മിൽ ഒരു ബന്ധമില്ലായിരുന്നു. ആൻ ഈ ഡയറിയിൽ ഒത്തിരിപ്പേരെ പരിചയപ്പെടുത്തുന്നുണ്ട്.അവരുടെ ഒളിത്താവളത്തിൽ പിന്നീടെത്തിയ ആളായിരുന്നു

ഡോ.ഡൂസൽ.ഒരു സാഹിത്യ കുടുംബമാണ്
ആനിന്റേത്.അതുകൊണ്ട് അവൾ വായിക്കുന്ന
കഥകളെ പറ്റിയും കിറ്റിയുമായി പങ്കുവയ്ക്കുന്നു.അച്ഛനെ
കഴിഞ്ഞ് അവൾക്ക് ഇഷ്ടം അവളുടെ  മുത്തശ്ശിയെയും
മൂസ്ചി എന്ന പൂച്ചയെയുമാണ്.ഭക്ഷണത്തിന്റെ
പേരിൽ അവിടെ എന്നും അടിയുണ്ടായിരുന്നു.ഈ
കലഹങ്ങളും ബഹളങ്ങളുമാണ് അവളെ പീറ്ററുമായി
അടുക്കാൻ കാരണമായത്.പീറ്ററെ അവൾക്ക്
തുടക്കത്തിൽ മനസ്സലാക്കാൻ സാധിച്ചില്ല.പിന്നീട്
അവർ തമ്മിൽ അടുത്തു.എന്നും മരണത്തെ മുന്നിൽ
കണ്ടായിരുന്ന അവൾ ഓരോ ദിവസവും
ഉറങ്ങിയിരുന്നത്.റേഡിയോയിലൂടെ ഉള്ള
ഭീകരവാർത്തകൾ അവരെ ഭീതിയിലാഴ്ത്തി.ചിലപ്പോൾ
ചില ആശ്വാസവാർത്തകൾ കേൾക്കാറുണ്ടാകാറുണ്ട്.

-അവന്തിക
9.C

# പ്രളയക്കാഴ്ചകൾ



വിളിക്കാത്ത നേരത്ത് വന്നൊരു
വിരുന്നുകാരനെ പോൽ,
അനന്തരം വർഷിച്ച മഴത്തുള്ളികൾ
അധികതുംഗ പർവതങ്ങൾ
ഒരു തുള്ളി പലതുള്ളി
പലതുള്ളി പെരുവെള്ളമായപ്പോഴും
അറിഞ്ഞില്ല മർത്യൻ അതു തന്നുടെ

വിധിയെന്ന്........

കേരം തിങ്ങി നിറയുന്ന നാടിന്
ദുരിത പെരുമഴ നരനെ-
വിഴുങ്ങുമ്പോൾ,
ഒരു വീടിനു, ഒരു കൂരയ്ക്കു താഴെ
കഴിഞ്ഞവരെയെല്ലാം കടലമ്മ
കൊണ്ടുപോയത്രേ
ഒരു പിഞ്ചു മണ്ണും മറന്നുവയ്ക്കാതെ
സർവ്വവും കൊണ്ടുപോയിരിക്കുന്നു .
പുഴയെ കൊന്നപ്പോഴും ഗിരിയെ
തകർത്തപ്പോഴും, അമ്മയാം ധരണിതൻ
പ്രതികാരഭാവം അറിഞ്ഞു മർത്യൻ.
അമ്മ തൻ ചൂടിനപ്പുറത്തുണ്ടൊരു ലോകം
കണ്ണീര് വേദന യാതന നീങ്ങുന്ന ലോകം
ആരുമറിയാതിരിക്കട്ടെ  ഈ മരുലോകം

– കൃഷ്ണ viii E

# മനസ്സിനെ കുളിരണിയിച്ച മൂന്നാർ



-യാത്രാവിവരണം-

യാത്രകളിൽ എന്നും എൻെറ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്ന ഒന്നാണ് ഞങ്ങളുടെ മൂന്നാർ യാത്ര.
കഴിഞ്ഞവേനലവധിക്കാലത്താണ് ഞാനും കുടുംബവും മൂന്നാറിലേക്ക് യാത്ര പോയത്. ഈ യാത്ര പുതിയ പുതിയ അനുഭവങ്ങളാണ് എൻെറ മനസ്സിലേക്ക് കോരിനിറച്ചത്.
രാവിലെ 10 മണിയോടെ ഞങ്ങൾ അവിടെ എത്തി.
ഹോട്ടലിൽ മുറിയെടുത്ത് ഫ്രഷായിഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ യാത്ര ആരംഭിച്ചു. അവിടുത്തെ വെള്ളത്തിന്

ഐസിൻെറ തണുപ്പായിരുന്നു. എങ്കിലുംആ തണുപ്പിനും ഉണ്ടായിരുന്നു അതിൻെറതായ സുഖം. ആദ്യം തന്നെ ഞങ്ങൾ പോയത് ചിന്നക്കനാൽ വെള്ളച്ചാട്ടം കാണാനായിരുന്നു. ആ മനോഹരക്കാഴ്ച അകലെനിന്ന് വീക്ഷിക്കുമ്പോൾ തന്നെ നമ്മുടെ മനം അറിയാതെ അതിൽ ലയിച്ച് പോകും. ശേഷം ഞങ്ങൾ ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കാനാണ് പോയത്. പോകുന്ന വഴിയിലുടനീളം പ്രകൃതി രമണീയമായ മലനിരകളാണ്. പ്രത്യേകമായുള്ള വരയാടുകളെയും കാണാൻ കഴിഞ്ഞു. കോടമഞ്ഞുകൊണ്ട് മൂടിയതിനാൽ വരയാടുകളെ കാണാൻ അത്യതികം പ്രയാസപ്പെടേണ്ടിവന്നു. എക്ഗിലും മൂന്നാലെണ്ണത്തിനെ വ്യക്തമായി കാണാൻ കഴിഞ്ഞു. പച്ചപിടിച്ചു നിൽക്കുന്ന കുന്നുകളും മലഞ്ചെരിവുകളും മൂന്നാറിനെ കൂടുതൽ മനോഹരിയാക്കി ആയി എനിക്ക് തോന്നി. തിങ്ങിനിറഞ്ഞ തേയിലക്കാടുകളാണ് എന്നെ ആകർഷിച്ച മറ്റൊരു കാര്യം. തേയിലകൾക്കിടയിലൂടെ ഞങ്ങൾ സവാരി നടത്തി. തമിഴ്-മലയാള സംസ്കാരം കൂടി ച്ചേർന്ന അവിടെ രണ്ട് ഭഷകളിലും സംസാരിക്കുന്നവരു ണ്ടായിരുന്നു.

പിന്നീട് ഞങ്ങൾ പോയത് മാട്ടുപ്പെട്ടിത്തടാകം കാണാനാണ്. തടാകത്തിലൂടെയുള്ള ബോട്ട് സവാരിയും നടത്തി.അവിടം ഇക്കോപോയിൻറ് കൂടിയാണ്. വർഷന്തോറും നിരവധി ജനങ്ങൾ ഇവിടേക്ക് ഒഴുകിയെത്താൻ

കാരണം അരെയും ആകർഷിക്കുന്ന മൂന്നാറിൻെറ വശ്യഭംഗിയാണ്.അവസാനമായി ഞങ്ങൾ പോയത് കുറവൻ-കുറത്തിമലകാണാനാണ്. അവിടെ കണ്ട കാഴ്ചകൾ എൻെറ മനസ്സിൽ ഇന്നുംനിറഞ്ഞു നിൽക്കുന്നു. രണ്ട് വശങ്ങളിലായി രണ്ട് മനുഷ്യരൂപങ്ങൾ പോലെയുള്ള പാറകളാണ് നിലകൊള്ളുന്നത്.അതിനു പിന്നിലുള്ള ഐതിഹ്യം ഞാനെൻെറ രക്ഷിതാക്കളിൽനിന്നുംചോദിച്ച് മനസ്സിലാക്കി.രണ്ട് ദിവസം നീണ്ട ഞങ്ങളുടെ മൂന്നാർ യാത്രയ്ക്ക് വിരാമം കുറിച്ചുകൊണ്ട് കുറവൻ-കുറത്തി മലയിൽ നിന്നും ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. തിരിച്ച് നാട്ടിലെത്തിയിട്ടും മനസ്സ് മൂന്നാറിൻെറ മണ്ണിലായിരുന്നു. തീർച്ചയായും കണ്ണിനുംമനസ്സിനും കുളിർമപകരുന്ന കാഴ്ചകളാണ് മൂന്നാറിൻെറ ആകർഷണീയത അതുകൊണ്ടുതന്നെ ആ പച്ചപ്പ് എന്നും എൻെറ മനസ്സിൽ മായാതെ നിൽക്കുമെന്നത് ഉറപ്പാണ്.

# അതിജീവനത്തിന്റെ നാൾവഴികൾ

-കുറിപ്പ്

അസാധാരണമായ ഒരു ദുരന്തമുഖത്തുനിന്ന് കരകയറാൻ പോരാടുകയാണ് നാം. സംഹാരരൂപംപൂണ്ടെത്തിയ പ്രളയം ശമിച്ചിരിക്കുന്നു.ദ്രുതഗതിയിലുള്ള രക്ഷാപ്രവർത്ത-നവും കഴിഞ്ഞു.ആദ്യത്തെ ആഘാതത്തിൽ നിന്ന് നാം പതുക്കെ മോചിതരാവുകയാണ്.ഒരേ മനസ്സോടെ ഒരേ ഹൃദയവികാരത്തോടെയാണ് കേരളം പ്രളയപ്രവാഹത്തെ ചെറുത്ത് അതിജീവിക്കാനായി പരിശ്രമിക്കുന്നത്.

പ്രളയത്തെ നാം താണ്ടികടന്നെങ്കിലും നഷ്ടത്തെ അതിജീവിക്കാനും കുതിർന്നുപോയ ജീവിത-ങ്ങളെ പുനരുജ്ജീവിപ്പിക്കാനും നാം പ്രാപ്ത-രാകേണ്ടതുണ്ട്. നഷ്ടങ്ങളുടെ വ്യാപ്തി പുറത്തുവന്നുകൊണ്ടിരിക്കുന്നു. എല്ലാം നഷ്ടപ്പെട്ടവരെ നാം ഏറ്റെടുത്തേ മതിയാവൂ... പ്രളയത്തെ തുടർന്ന് ഉയരുന്ന മഹാമാരികളെ തടുത്തില്ലെങ്കിൽ അതിന് നാം വലിയവില കൊടുക്കേണ്ടി വരും.തകർന്നു കിടക്കുന്ന പൊതുസംവിധാനങ്ങളെ പഴയ പടിയാക്കുക എന്നതാണ് മറ്റൊരു ദൗത്യം. കനത്തമഴയിൽ റോഡുകളും

ചുരങ്ങളും പാലങ്ങളും തകർന്നിരിക്കുകയാണ്.ഇത്പുനർ

നിർമ്മാണം വഴി മറ്റുസൗകര്യങ്ങൾ നമുക്ക് എളുപ്പമാകും.

അതിനായി നവകേരള സൃഷ്ടിക്കായി എന്നമുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്ന വിധം സംഭാവന-കൾ നൽകണം. നവകേരള സൃഷ്ടിയിൽ കുട്ടികളുടെ മഹ-നീയമായ പങ്ക് വേണം. തങ്ങളുടേതായ സമ്പാദ്യം അത് എത്രയായാലുംനൽകുക.സ്കൂളുകളിൽ നിന്നും പഠനോപക-രണങ്ങൾ ശേഖരിച്ച് അത് നഷ്ടപ്പെട്ടവർക്ക് എത്തിച്ചു കൊടുക്കുക. ജെ.ആർ.സി,ഗൈഡ്സ് തുടങ്ങിയവിദ്യാർത്ഥി കൂട്ടായ്മകൾ ഇതിന് മുൻകൈ എടുക്കുക.ജാതിയും മതവും പറഞ്ഞ് വഴക്കുണ്ടാക്കിയവരാണ് കേരളീയർ.




"ദൈവത്തിൻെറസ്വന്തംനാട്"എന്ന് പറഞ്ഞ് അഹങ്കരിച്ചു;ഒടുവിൽ സ്വാമിവിവേകാന്ദൻ പറഞ്ഞതു പോലെ ഒരു ഭ്രാന്താലയമായി കേരളം മാറി.അതെന്തെ-

ങ്കിലുമാകട്ടെ,ഇനിമുന്നോട്ടുള്ള യാത്രയാണ്;അതിജീവന-
ത്തിന്റെ നാൾവഴികൾ. നന്മയോടും ഒത്തൊരുമയോടും
നിൽക്കുക,പണക്കാരനെന്നോ-പാവപ്പെട്ടവനെന്നോ
വേർതിരിവില്ലാതെ എല്ലാവർക്കും വീടുകൾ പണിതു
കൊടുക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ഭീമമായ
നഷ്ടങ്ങളാണ്കേരളത്തിന്സംഭവിച്ചിട്ടുള്ളത്
രാജ്യത്തിനകത്തുനിന്നു പുറത്തുനിന്നും സഹായങ്ങളും
അനുതാപവും ലഭിക്കുന്നുണ്ടെന്നത്
ആഹ്ലാദവും സന്തോഷവും നിറയ്ക്കുന്നു.ഇനി നാം നോക്കേ-
ണ്ടത് മുന്നോട്ടാണ്.കാലിടറാ-തെ,മനസ്സിടിയാതെ
മുന്നിലുള്ള വെല്ലുവിളികളെ നേരിടാൻ നാം തയ്യാറാകണം.

അരുണ സി
8 D

# നഷ്ടപ്പെട്ട നീരലാംബരി




(വായനാക്കുറിപ്പ്)

പ്രശസ്ത കഥാകാരിയും കവയത്രിയുമായ മാധവിക്കുട്ടിയുടെ 'നഷ്ടപ്പെട്ട നീലാംബരികൾ ' എന്ന കഥയാണ് ഞാൻ വായിച്ചത്. നിത്യപ്രണയത്തിന്റെ വ്രതനിഷ്ഠമായ സമരാഗ്നിയിൽ ജ്വലിച്ചുനിൽക്കുന്ന സ്ത്രീത്വത്തിന്റെ വൈവിദ്ധ്യമാർന്ന ഭാവങ്ങളെ ആവിഷ്കരിക്കുന്ന പതിമൂന്ന് കഥകളാണ് ഇതിലുള്ളത്.ഓരോ കഥയിലൂടെയും ഭാഷയുടെ നീലാംബരികൾ വിടർത്തുന്ന ഭാവതീവ്രത ആസ്വാദകരെ സ്വന്തം അനുഭവലോകങ്ങളുടെ കണ്ടെത്താത്ത പ്രദേശങ്ങളിലേക്ക് ആനയിക്കുന്നു.ഈ കഥ വായനക്കാരുടെ മനസ്സിൽ പുതിയ ഭാവതലങ്ങൾ സൃഷ്ടിക്കുന്ന ഒന്നു തന്നെയാണ്.ഇതിലെ ഓരോ കഥയും പ്രതിപാദക്കുന്നത് സ്ത്രീയെക്കുറിച്ചാണ്.അതിലെ ഒരോ കഥാപാത്രങ്ങളും കഥയെ കൂടുതൽ മിഴിവുറ്റതാക്കുന്നു.

ഈ കഥയിൽ എന്നെ ഏറെ ആകർഷിച്ചത് 'എന്നെന്നും താര' എന്ന കഥയാണ്.

ഹരി,ഉഷ,രാമൻക്കുട്ടി,താര എന്നിവരാണ് ഇതിലെ കേന്ദ്രകഥാപാത്രങ്ങൾ.ഹരിയും താരയും കാമുകീ-കാമുകന്മാരായിരുന്നവെങ്കിലും അവർക്ക് പരസ്പരം വിവാഹം കഴിക്കാനായില്ല.താര വിദേശിയും മലയാളിയുമായ രാമൻക്കുട്ടിയെ കണ്ടപ്പോൾ അദ്ദേഹത്തെ വിവാഹംകഴിക്കുകയായിരുന്നു. അദ്ദേഹത്തിന് യന്ത്രവസ്തുക്കൾ നിർമ്മിക്കുന്ന ജോലിയായിരുന്നു.എന്നാൽ ഹരി എന്ന യുവാവ് മറ്റൊരു വിവാഹം കഴിക്കാൻ തയാറായിരുന്നില്ല. അവൻ അവൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. വർഷങ്ങൾക്കുശേഷം താരയും രാമൻക്കുട്ടിയും നാട്ടിൽ വരുകയാണ്.ഹരിയായിരുന്ന അവരെ എയർപ്പോട്ടിൽ നിന്നും കൂട്ടിക്കൊണ്ടുവന്നത്. നാളുകൾക്കുശേഷം കാമുകിയെ കണ്ട സന്തോഷം ഹരിയിലുണ്ടായിരുന്നു.ഹരിക്ക് നല്ല പ്രായമുണ്ട്. എന്നാൽ താര പണ്ട് നാട്ടിൽ നിന്ന്പോയതുപോലെ തന്നെയായിരുന്ന തിരിച്ചുവന്നത്.അവൾ അധികമൊന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. എല്ലായ്പ്പോഴും ഒരേഭാവം.ഹരിചോദിക്കുന്നതി-നൊന്നും അവൾ ഉത്തരം പറയുന്നുണ്ടായിരുന്നില്ല. ഇങ്ങനെ ദിവസം കടന്നുപോയി.ഒരിക്കൽ ഹരി വളരെ പരിഭ്രാന്തനായി തൻെറ സുഹൃത്തിൻെറ അടുത്തേക്കോടി.എന്നിട്ട് കിതച്ചുകൊണ്ട് പറഞ്ഞു;താരയുടെ ശരീരത്തിൽ ലോഹംകൊണ്ട്

നിർമ്മിച്ച ഒരു സിപ്പ് ഉണ്ട്.അതു കീഴോട്ടു വലിച്ചപ്പോൾ ആ വയറ്റിൽ നാഴികമണിയുടെ അകത്തു കാണാറുള്ള ചക്രങ്ങളും ചെറുയന്ത്രങ്ങളും ഹരി കണ്ടു.അവളുടെ കമ്മലിൻെറ ചുവന്ന കല്ല് ഒരു കത്തുന്ന ബൾബായി.അവളിൽ നിന്ന് ബിപ്,ബിപ് എന്ന ശബ്ദവും കേട്ടു.അതു താരയായിരുന്നില്ല. ചലിക്കുന്ന ഒരു യന്ത്രപ്പാവയായിരുന്നു, എന്ന സത്യം ഹരി അപ്പോഴാണ് മനസ്സിലാക്കിയത്.ഇങ്ങനെ നമ്മെ അത്ഭുതപ്പെടുത്തുന്നതും ഭാഷയുടെ നീലാംബരികൾ വിടർത്തുന്നതുമായ കഥകളാണ് മാധവിക്കുട്ടിയുടെ 'നഷ്ടപ്പെട്ട നീലാംബരികൾ' എന്ന പുസ്തകത്തിലുള്ളത്.

റിതുവർണ


ix c


# സ്വതന്ത്ര സോഫ്റ്റ് വെയർ ഡേ

# പോസ്റ്ററുകൾ

ആർഷ സി

അമീന




ഗായത്രി



# നൊമ്പരം



കണ്ണിൽ കനലാടും കാട്ടുപക്ഷി നിൻെറ-
യുള്ളിൽ അണയാത്ത സ്വപ്നം ഉണ്ടോ?
മഞ്ഞിൽ, മഴയിൽ വേനലിൽ പോലും
മങ്ങിയണയാത്ത നാളമുണ്ടോ?
വേദനകളിൽ ദുഃഖത്തിൻ മുള്ളുകൾ
കുത്തിതുളയ്ക്കും നിൻമേനിയിലും
സ്നേഹം തുളുമ്പിവരുന്ന നിലാവത്തും
മങ്ങിമയങ്ങാത്ത രജനിയിലും
നിന്നെതിരഞ്ഞു ഞാനെങ്കിലും നീ-
യപ്പോൾ ദൂരെയെങ്ങോ പോയ് മറഞ്ഞതെന്തേ

-

കീർത്തന
IX B

# സ്നേഹസ്പർശം




കുട്ടികളെനിങ്ങളാരാനുമെന്നുടെ
ചക്കരെപൂച്ചയെ  കണ്ടായോ
ഉച്ചയ്ക്കും കണ്ടീല്ല,വൈകീട്ടും
വന്നീല,ഒറ്റയ്ക്കവനങ്ങു
പോയാലോ പായിൻ
ചുവട്ടിലും തെക്കിനിമൂല
ഒക്കെതിരഞ്ഞുനടന്നു ഞാൻ
ബിസ്കറ്റ് കഷ്ണം കടിച്ചു  തിന്നതിനാൽ
അമ്മഅവനെ ശിക്ഷിച്ചു
പെട്ടന്നെവിടെക്കൊ ഓടിപോയവ
നപ്പോൾ എന്നെനിശ്ചലയാക്കിയല്ലോ
തിരഞ്ഞുതിരഞ്ഞു തളർന്നു എൻ
പാദങ്ങൾ വിണ്ടുപൊട്ടാനായ്
തുടങ്ങിയല്ലോ

കുട്ടികളെനിങ്ങളാരാനുമെന്നുടെ
ചക്കരെപൂച്ചയെകണ്ടാവോ
പ്രിയകൂട്ടുകാരായിരുന്ന ഞങ്ങൾ
ഇന്ന് രണ്ടായി മാറിയല്ലോ
കരഞ്ഞു കരഞ്ഞു തളർന്ന എൻ
കണ്ണുകളിൽനിന്ന് കണ്ണുനീർ
ഒട്ടും മറയുന്നില്ല....

ദേവപ്രിയ
IX C

# നിറക്കൂട്ട്

ആർഷ എ കെ




ബിസോണ




ഗായത്രി




അമീന



# ചേച്ചിയമ്മ




ഒരുവാക്കുമിണ്ടാതെ
ഒന്നുതലോടാതെ
എങ്ങുപോയ് നീയെൻെറ
ചേച്ചിയമ്മേ......
ഒരു തുണ്ടുപേരയ്ക്ക പങ്കിട്ടുനല്കാതെ
എവിടെയൊളിച്ചു നീ ചേച്ചിയമ്മേ

വിദ്യാലയത്തിൻെറ മുററത്തുവച്ചുനീ
കൈവീശിയാത്രപറഞ്ഞതല്ലേ......
പനിയാണ് നാളെ വരില്ലെന്ന് ചൊല്ലി നീ
ആറേഴുനാള്  മുമ്പേ പോയതല്ലേ.....

ദേവപ്രിയ യു.കെ
IXD

# നിലാവെളിച്ചം

## (വായനാക്കുറിപ്പ്)




നവോത്ഥാന കഥാകൃത്തുകളിൽ പ്രമുഖനായ വൈക്കം മുഹമ്മദ്ബഷീർ വൈവിധ്യവും വൈചിത്യവും ഉള്ള സമ്പന്നമായ ജീവിതാനുഭവങ്ങളാണ് തന്റെ എഴുത്തിലൂടെ ആവിഷ്കരിക്കുന്നത്. മനുഷ്യന്റെവികാരവിചാരങ്ങളെ അപഗ്രഥനംചെയതുകൊണ്ടാണ് അദേഹത്തിന്റെ ഓരോ രചനകളും. ജീവിതയാഥാർത്ഥ്യങ്ങളെ പ്രതിപാദ്യമാക്കുന്നതിനിടയിൽ ഭാവാത്മക

സങ്കല്പ്ങ്ങളും അദ്ദേഹം കഥയ്ക്ക്
വിഷയമാക്കിയിട്ടുണ്ട്.അക്കൂട്ടത്തിൽപ്പെട്ട കഥയാണ്
'നിലാവെളിച്ചം'.കഥാകൃത്തായ നായകൻ രചനയുടെ
സൗകര്യത്തിനായി ഒരു വീട് വാടകയ്ക്കെടുത്ത്
ജീവിതമാരംഭിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങളാണ്
കാവ്യാത്മകശൈലിയിൽ ഈ കഥയിൽ
ആവിഷ്കരിക്കുന്നത്. പ്രേതമുണ്ടെന്ന് കരുതി
താമസിക്കാൻ ആരും ധൈര്യപെടാതിരുന്ന ഒരു
വീട്ടിൽ താമസിക്കാനെത്തിയ കഥകൃത്തിൻെറ
ഈ അനുഭവ ആവിഷ്ക്കാരം പ്രേതകഥ
ആണെന്ന് തോന്നിയേക്കാം.പക്ഷേ,നാം
വായിച്ചറിഞ്ഞ പ്രേതകഥകളുമായി ഇതിന്
യാതൊരു സാമ്യവുമില്ല.ആ വീട്ടിൽ മുമ്പെങ്ങോ
ആത്മഹത്യ ചെയ്ത് ഭാർഗവി എന്ന
യുവതിയെക്കുറിച്ച് നാട്ടുകാർ പറഞ്ഞ് പലതും
മനസ്സിലാക്കിയ കഥാകൃത്ത് പതുക്കെപതുക്കെ
അവളോട് സൗഹൃദത്തിലായിരുന്നു.ആ
ഭാർഗവിനിലയത്തിലെ താമസം മറ്റുള്ളവർ
പ്രചരിപ്പിച്ചതു പോലെ അസ്വസ്ഥജനകമായി
തീർന്നില്ല. ആസ്വാദകരമായി തീരുകയും ചെയ്തു.
സങ്കല്പ്പത്തിൽ മെനഞ്ഞെടുത്ത ഭാർഗവിയോട്
ഏകാന്തവേളകളിൽ സംഭാഷണത്തിനു മുതിരാൻ
കഥാകൃത്ത് തയ്യാറാക്കിയിരുന്നു.അവയുടെ
സാന്നിധ്യം പലപ്പോഴും അനുഭവപ്പെടുകയും

ചെയ്യുതു.ഭീതിജനകമായഅന്തരീക്ഷത്തിൽ
ആരംഭിക്കുന്ന ആട്ടകഥ ആത്മഹത്യചെയ്ത
പെൺകുട്ടിയോടുള്ള സ്നേഹത്തിലും അനുകമ്പയിലും
എത്തിയാണവസാനിക്കുന്നത്. സ്വന്തമായ
അനുഭവങ്ങള ലൂടെയാണ് ഇത്തരം ഭാവത്മക
കഥകൾ അവതരിപ്പിക്കുന്നത് എന്ന് ബഷീർ തന്നെ
പറയാറുണ്ട്. ഭാവനയുടെ ഭ്രുരൂപവും ഉദാത്തവുമായ
മേഖലകളിലൂടയാണ് കഥാകൃത്തിൻെറ മനസ്സ്
സഞ്ചരിച്ചിരിക്കുന്നത് എന്നതിന് സാക്ഷ്യപത്രമാണ്
ഈ കഥ.ഭാർഗവിക്കുട്ടിക്ക് സംഗീതം
കേൾപ്പിച്ചുകൊക്കുവാൻ ശ്രമിക്കുന്ന കഥാകൃത്തിൻെറ
ചിത്രം ബഷീറിന് വിവിധ സംഗീതധാരകളിൽ
ഉണ്ടായിരുന്ന അഗാതമായ അറിവ്
പ്രതിഫലിപ്പിക്കുന്നു.

പവിത്ര കെ
IX D

# ദുരിതപെയ്ത്ത്



പ്രകൃതിതൻ ചുടലനൃത്തം
പാരിതിൻ ദുരിതനർത്തനം

മാനവർതൻ രോദനം ഉയരുന്ന
പെയ്ത് തൊഴിയാത്ത ഗഗനത്തിൽ
ഉയരങ്ങളിൽ;

കേട്ടു ആ രോധനം ഏതോ
ഹൃദയം അവർ കടലിൻ
മക്കൾ;

ധീരഹസ്ത്ങ്ങളാൽ കരകയറ്റി അവർ
ആയിരങ്ങൾതൻ സ്വപ്നങ്ങളും,
പ്രതീക്ഷകളും

അവർ കടലിന്റെ ആഴമറിഞ്ഞവർ
കടലിൻ ഹൃദയമറിഞ്ഞവർ
അവരാണ് ധീരനായകർ .

-ശ്രുതിപ്രിയ.എസ്സ്.എസ്സ്
IX A

# എൻെറ സ്വപ്നം



-സിയ ഷംസീർ
8.c

# ദുരിതപെയ്ത്ത്



അമീനഷെരിൻ
IX C

# ഭീതിതൻ വീഥികൾ

-കവിത

മാനത്തെ നീലപ്പുരവതാനി

എന്തിന്
മുഖം കറുപ്പിച്ചിരിക്കാൻ.
ഞാനൊന്നു
നോക്കിച്ചിടുമ്പോൾ
എന്തിനാണു നീ
തേങ്ങിടുന്നേ!
നിന്നോടുകൂട്ടില്ല ഞനിന്നുമേ എൻെറ
വാതിലാരോ മുട്ടി വിളിക്കുന്ന തോന്നലിൻ
ഞാനങ്ങു വാതിൽ തുറന്ന നേരം
മുഖത്താകെ വെള്ളം ചിതറുകയായിന്നു മിന്നലായി
മുറ്റത്തേക്കോടി ഞാൻ നിന്ന നേരം
വീടാകമറ്റം  വെള്ളം നിറഞ്ഞിരുന്നു
ഭീതിതൻ കരി നിഴൽപ്പാടുകൾ ചുറ്റിലും
അട്ടഹാസമായി  യെന്നെ വളഞ്ഞിടുന്നു
ഓടി ഞാൻ ചെന്നെൻ കളിപ്പുരയില്ല
കൊച്ചു പാവകളത്രയും നനഞ്ഞിരുന്നു
ജീവന്റെ ജീവനാം ആ കുഞ്ഞുപാവകൾ
ഇന്നെന്റെ  കണ്ണ് നനച്ചിടുന്നു
ചേല കഴുകാൻ പോയ എന്നമ്മതൻ
ചീഞ്ഞ ദേഹമാണിന്നെൻ കാൽചുവട്ടിൽ
പൊട്ടിക്കരയാൻ ശ്രമിച്ചെങ്കിലും

ശബ്ദമൊന്നും പുറത്തെത്തിയില്ല
ചേതനയറ്റ ജീവൻ പകർത്താൻ
കാമറക്കണ്ണുകൾ ചുറ്റും നിറഞ്ഞിരുന്നു
അവരുടെ കൈപിടിച്ചുനടന്ന
ഞാൻ കണ്ടതോ
ഭീതി നിറഞ്ഞൊരാ വീഥികളും
മണ്ണിനടിയിലായി വീണുറങ്ങിപ്പോയ
ആളുകളത്രയും
തോണി തുഴഞ്ഞിതാ റോഡുകളിലൂ-
ടാളുകൾ സർവരും പോയിടുന്നു
ഹരിതാഭഭൂമിയിതിൻ രൗദ്രഭാവങ്ങൾക്ക്
ആരുണ്ടിന്നുമേ സാക്ഷിയാവാൻ
എൻ ചോദ്യത്തിനുത്തരം നൽകാൻ
ആരുമിലിനി ഞാൻ ഏകയാണ്
ബാല്യത്തിൻ വർണ്ണലോകം നെയ്തെടുക്കാൻ
എൻ സ്വപ്നങ്ങൾ മാത്രമാണിന്നു ഭൂവിൽആരുമേ കൂട്ടില്ല

**ആർഷ**

9A




# ഞാൻ മലാല

**-വായനകുറിപ്പ്**

മലാല യൂസഫ് സായ് എഴുതിയ ആത്മകഥയാണ് "I AM MALALA" അതിൻെറ മലയാളം പരിഭാഷയാണ് "ഞാനാണ് മലാല."ലോകം മുഴുവൻ ഞെട്ടലോടെ നോക്കിയിരുന്ന പാഷ്ത്തൂൺകാരിയായിരുന്ന മലാല. 17 വർഷത്തിനിടയ്ക്ക് അവളേറ്റ് വാങ്ങിയ വേദനകളും യാദനകളും തീരാദു:ഖങ്ങളും അതിനിടയിലെ ഒരുപിടി സന്തോഷങ്ങളും നിറഞ്ഞതാണ് കൃതി. തലയ്ക്ക് നാം ചിന്തിക്കുന്നതിലും ദയനീയമായാണ് താലിബാൻകാരുടെ അവസ്ഥയെന്ന് ഈ കൃതിയിലൂടെ മലാല നമുക്ക് മനസിലാക്കിത്തരുന്നു.

ജനിച്ചപ്പോൾ തന്നെ പെൺകുഞ്ഞാണെന്ന പേരിൽ അവഗണിക്കപ്പെട്ടു. വിദ്യഭ്യസത്തെ ഏറെ സ്നേഹിച്ചിരുന്ന അവൾ. അതിന് മാതാപിതാക്കളുടെ പൂർണ പിന്തുണ അവൾക്കുണ്ടായിരുന്നു.വിദ്യാഭ്യാസ സമ്പന്നനായ ഒരച്ഛൻെറ പുത്രിയായിരുന്ന അവൾ. അവളെ സ്കൂളിൽവിടുന്നതിലോ മുഖം മറയ്ക്കാതെ പുറത്ത്പോകുന്നതിലോ മാതാപിതാക്കൾക്ക് യാതൊരു പരാതിയുമുണ്ടായിരുന്നില്ല.പിന്നീട് പാക്കിസ്താനിലെ സാത്ത്താഴ്വര താലിബാൻ നിയന്ത്രണത്തിലാക്കിയപ്പോൾ, മലാല എന്ന ഒരു പെൺകുട്ടിയെ സംബന്ധിച്ചിടുത്തോളം

വിദ്യാഭ്യസം എന്ന അധ്യയം അടയുകയായിരുന്നു. എന്നാൽ അവൾ അതിനെതിരെ പോരാടി. താലിബാനെതിരെ കരുത്താർജ്ജിച്ച ഒരു പെൺ ശബ്ദമായി അവൾ മാറി. എല്ലാവരേയും പോലെ നിശബ്ദമായിരുന്ന്അവരുടെ ആജ്ഞകൾ അനുസരിക്കാൻ അവൾ മടിച്ചു. വിദ്യഭ്യസമെന്ന സ്വത്തിനായി അവൾ പോരാടിക്കൊണ്ടേയിരുന്നു,എന്നാൽ പിന്നീട്,അതായത് 2012 ഒക്ടോബർ 9ാം തിയ്യതി ചൊവ്വാഴ്ച അവളതിന് വലിയ വിലകൊടുക്കേണ്ടി വന്നു. സ്കൂളിൽ നിന്നും മടബടിയുണ്ട മലാലയ്ക്കും മറ്റ് രണ്ട് വെടിയുണ്ടകൾ അവളുടെ കൂട്ടുകാരികൾക്കുനേരെയും പാഞ്ഞടുത്തു. തലയ്ക്ക് നാം ചിന്തിക്കുന്നതിലും ദയനീയമായാണ് താലിബാൻകാരുടെ അവസ്ഥയെന്ന് ഈ കൃതിയിലൂടെ മലാല നമുക്ക് മനസിലാക്കിത്തരുന്നു. !!!വെടിയേറ്റ മലാല ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ഏറെക്കാലത്തെ ആശുപത്രിജീവിതത്തിനുശേഷം അവൾ ലോകത്തിനുമുന്നിൽ പ്രത്യക്ഷ്യമായി. അവളെ തേടി നോബേൽ സമ്മാനവും എത്തി. ഈ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു മലാല. അച്ഛനും അമ്മയും രണ്ട് സഹോദരങ്ങളും അടങ്ങിയ ഒരു കുടുംബത്തിലെ അംഗമായിജനിച്ച് വിദ്യാഭ്യാസത്തിനും നീതിക്കും വേണ്ടി പോരാടിയ മലാല സമൂഹത്തിന് ഉത്തമമാതൃകയാണ്. എപ്പോഴും എക്കാലവും ജ്വലിച്ചുനിൽക്കുന്ന ദീപമാണ് മലാല. ഭീകരതയാൽ പിഴുതെറിയപ്പെട്ട ഒരു കുടുംബത്തിൻെറ കഥയാണ് ഞാൻ മലാല. കൂടാതെ ഇത് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ പോരാട്ടത്തിൻെറ കഥയുമാണ്.

അനുനന്ദ-9E

# കുറ്റിപെൻസിൽ

സംഗീത



അമയ ടി




നന്ദന യു




നിയ രാജ്



# STEPHEN HAWKING

## – profile



Stephen hawking was the famous British theoretical physicist, cosmologist and author. He was born on January 8 1942 in Oxford, united kingdom. He has been hounded with awards like presidential medal of freedom ,Copley medal,wolf prize in physics etc. He has his BA degree from university of oxford and PHD from university of cambridge. He was the director of research at the centre for theoritical cosmology within the university of cambridge. In early 1968 ,just shy of his birthday,hawking was diagnosed with motor neuron disease more commonly known as amyotrophic lateral sclerosis,which has gradually paralised him over decades. He works in the field of general relativity and quantum gravity. His book, “A brief history of time” was a best seller.

GOURI NANDA
IX A

# സ്കൂളിന്റെ നേട്ടങ്ങൾ

# 2018-2019

വടകര സെന്റ് ആൻറണീസ് ഗേൾസ് ഹൈ സ്കൂൾ ഈ വർഷം കലാ- കായിക-ശാസ്ത്ര മേളകളിൽ ഉന്നത വിജയം കരസ്ഥമാക്കി. ശാസ്ത്ര-ഗണിതശാസ്ത്ര-ഐടി മേളകളിലും ഉന്നത വിജയം നേടി സ്കൂൾ അഭിമാന താരമായി. കൂടാതെ എസ്.എസ്.എൽ.സി,യു.എസ്.എസ്,എൻ.എം.എം.എസ് എന്നീ പരീക്ഷകളിലും അഭിമാനകരമായ വിജയമാണ് ഉണ്ടായത്. എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയവും, 76 പേർക്ക് മുഴുവൻ വിഷയങ്ങളിൽ A+ ഉം യു.എസ്.എസ് പരീക്ഷയിൽ 19 പേർക്ക് വൻ വിജയവും ലഭിച്ചുകൊണ്ട് സബ്ബ് ജില്ലയിലെ ഉയർന്ന വിജയവും ഇവർ കരസ്ഥമാക്കി. സംസ്ഥാന സബ്ബ് ജൂനിയർ ബാസ്കറ്റ് ബോൾ ചാമ്പ്യൻ ഷിപ്പിൽ ഒന്നാം സ്ഥാനവും ദേശഭക്തിഗാനത്തിന് സംസ്ഥാനതലത്തിൽ A ഗ്രേഡോടെ ഒന്നാം സ്ഥാനവും ലഭിച്ചു. കൂടാതെ വയലിൻ വെസ്റ്റേണിന് A ഗ്രേഡോടെ ശ്രുയയും നാടോടി നൃത്തത്തിന് 2nt A ഗ്രേഡോടെ മേധമയൂരിയും വിജയികളായി. വിവിധ മേളകളിൽ

കഴിവുതെളിയിച്ച വിദ്യാർത്ഥിനികൾക്ക്  സ്കൂളിൽ
അനുമോദന ചടങ്ങ് നടത്തി.ഇതിൽ എല്ലാവരും
പങ്കാളികളാവുകയും സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ രേഖ,
വൈസ് പ്രസിഡണ്ട് ശ്രീ സുരേഷ് എന്നിവർ
സമ്മാനദാനം  നിർവഹിക്കുകയും ചെയ്തു.

2018-19 **സംസ്ഥാനതല സോഷ്യൽ സയൻസ്**
ലോക്കൽ ഹിസ്റ്ററി റൈറ്റിങ്ങ് A grade

**ശ്രദ്ധ.കെ.പി**



സംസ്ഥാനതല സോഷ്യൽ സയൻസ് വർക്കിങ്ങ് മോഡൽ A grade

**അനാമിക .പി ആർ** **അശ്വതി.ഇ**





സംസ്ഥാനതല സയൻസ് സ്റ്റിൽ മോഡൽ A grade

**അഞ്ജന .എസ്** **ദേവനന്ദ .എസ്**







കേരള സബ്ജൂനിയർ ബാസ്കറ്റ്ബോൾ
ടീം അംഗം:ഗൗരി കൃഷ്ണ



സംസ്ഥാന മിനി വോളിബോൾ ടീം
അംഗം: കീർത്തന കെ.വി



സംസ്ഥാന സ്കൂൾ *Thaikonde*
രണ്ടാം സ്ഥാനം: അനന്യ ലജിത്ത്



സംസ്ഥാന ജൂനിയർടേബിൾ
ടെന്നീസ് : സാനിയ.എ

## സംസ്ഥാന സ്കൂൾ സോഫ്റ്റ്ബോൾ ടീം അംഗങ്ങൾ: അനനന്ദ

ശിവാനി കൃഷ്ണ
കൃഷ്ണനന്ദ.കെ
മൃദുല.കെ.ടി
നന്ദന.ജെ.പി
ശ്രേയ.എസ്.ബാബു
അമന്യ.എം.കെ
ആര്യനന്ദ



## സംസ്ഥാന ജൂനിയർ ത്രോബോളിന് വിജയം

## സംസ്ഥാന സ്കൂൾ ത്രോബോൾ ടീം അംഗങ്ങൾ:




ആദിത്യ സോന

സംസ്ഥാന സബ്ബ് ജൂനിയർ *Thaikonde* :



അനന്യ ശ്രുതി ഭാഗ്യലക്ഷ്മി

സംസ്ഥാന മിനി വോളിബോൾ ടീം അംഗങ്ങൾ:

കൃഷ്ണപ്രിയ ശ്രീലക്ഷ്മി





സംസ്ഥാന ജൂനിയർസ്കൂൾ

*Thaikonde* :ഗായത്രിനന്ദ



സംസ്ഥാന ജൂനിയർസ്കൂൾ *Thaikonde* :

അവിഷ്ണ അജിത്ത്

**സംസ്ഥാനതല ദേശഭക്തിഗാനം ഒന്നാം സ്ഥാനം** A Grade



സംസ്ഥാനതല നാടോടിനൃത്തം-മേധ മയൂരി(2nd A grade)






സംസ്ഥാനതല

**വയലിൻ വെസ്റ്റേൺ***A Grade*:**ശ്രേയ എം**

സംസ്ഥാനതല ഹിന്ദി കവിത രചന $AGrade$:ജയലക്ഷ്മി



മാതൃഭൂമി സംസ്ഥാനതല ഉപന്യാസ രചനയിൽ മികച്ചവിദ്യാർത്ഥി :ദേവിക കെ പി




സംസ്ഥാനതല stuffed toy's നിർമ്മാണം:പ്രിയംവദ



# ഉറവ



- വിൽസി(അധ്യാപിക)



## യാത്ര

മുപ്പതുവെള്ളിക്കാശിൻ കിലുക്കം
പാതിരാക്കോഴിയുടെ കൂവൽ
ചാട്ടവാറടികളുടെ രോദനം
മനസിൻെറ നെടുവീർപ്പുകൾ
കരിയിലകൾവീണ ഇടവഴികൾ,
കാൽവരിക്കുന്നിലേക്കിനിയും
ബഹുദൂരമുണ്ടത്രേ..........
മരക്കുരിശും മുൾക്കിരീടവും.
മൂന്നാണിയും ഒരു കുന്തവും
അൽപം കഴിപ്പുനീരും ചുമന്നുകൊണ്ട്
അപരനൊരുവൻ മുൻപിൽ
കിതച്ചുകൊണ്ടോടിയത്,
ഹോമബലിക്കായിരുന്നുവത്രേ..........
നിണമണിഞ്ഞകാലടിപ്പാടുകൾ
ഒരമ്മയുടെ കണ്ണീരിൽ കുതിർന്നതും
ഒരു കുഞ്ഞാടിൻ നിലവിളികൾ
ഇടവഴിയിലെ കരിങ്കല്ലിനെപ്പോലും
കനിവിൻെറ ഉറവാക്കിയതും
കരളലിയിക്കും കാഴ്ചയായി മാറി..........

വഴിയരികിൽ ഓശാനപ്പൂക്കൾ,
ആർപ്പുവിളികളായി വിരിഞ്ഞതും
കുരിശ് പങ്കിട്ടെടുത്തതും
വെറോനിക്ക തിരുമുഖം തുടച്ചതും,
വേറിട്ടൊരു കാഴ്ചയായി.........
വഴിമധ്യേ, മനസ്സിടിഞ്ഞു,
ഗുരുവീണുപോയി
ഒന്നല്ല മൂന്നുപ്രാവശ്യം
ലോകപാപത്തിൻ ചുമടുകൾ താങ്ങി
ഗുരുവിൻെറ നെഞ്ചകം പിളർന്നപ്പോൾ,
പത്രോസോ വെറും കാഴ്ചക്കാരനായി.....
രക്തചുംബനത്താൽ ഗുരുവിനെ
ഒററിക്കൊടുത്ത യൂദാസ്,,
പാതയോരത്ത് ഭ്രാന്തനായി,
ഒരുചാൺ കയറിൽ പിടയുമ്പോൾ,
കൈനീട്ടി ഗുരുചാരെയെത്തിയെങ്കിലും,
രക്ഷനേടാനവനു കഴിഞ്ഞതുമില്ല.......
ശത്രുവിനെപ്പോലും സ്നേഹിച്ചിടും.
ഗുരുവിൻ നിശ്വാസങ്ങൾ

പാതയിലുടനീളം മർമ്മരമായി,
അവൻെറ നിലവിളി മുളംതണ്ടിൽ,
ഈണമായി,രാഗമായി,
കരളലിയിപ്പിച്ചിടും നിത്യസത്യമായി

ആരവങ്ങൾക്കൊടുവിൽ
ഗുരുസ്വയം കുരിശായി മാറി,
സഹനവും സ്നേഹവും സത്യവും,
കുരിശിൽ വിരിഞ്ഞിടും രക്തകുസുമമായ്,
പാപവും മരണവും ശിക്ഷയുമെല്ലാം,
പാതാളത്തിൽ പോയ് മറഞ്ഞു.

# മടക്കയാത്ര........

കാഴ്ചയുടെ ഗിരിശൃംഗങ്ങളിൽ,
ഇനി ഒളിച്ചുനിൽക്കാനാവില്ല,
താഴ്വാരങ്ങളിലേക്ക് പടിയിറങ്ങാം,
പാതയിൽ ദീപമായ്,
ദിവ്യകാരുണ്യ സ്നേഹമായി,
ലോകാന്ത്യം വരെ ഗുരു കൂടെയുണ്ട്.......
ഇനി,
ഗുരുവിനെ നിത്യം പ്രണയിച്ചീടാം,
കോഴികൂവിയ പാതിരാത്രിയെ മറന്നിടാം,
ഒടുവിലത്തെ ചുംബനങ്ങൾ പൊറുക്കാം
സ്നേഹത്തിൻ വസന്തമായി മാറാം,
ഓരോ നിഴലിലും ഗുരുവിനെതൊട്ടിടാം.
അഞ്ചുമുറിവായി മാറിടാം നിത്യവും.....

# സ്റ്റാഫ്- സെൻറ് ആൻറണീസ് ജി എച്ച് എസ്



# ലിറ്റിൽ കൈറ്റ്സ് ടീം



+

# THE RIVER IN THE COURTYARD



The harsh thunder and lightning make me awake at night. Like pebbles rain drops touched my parched face through the holes of the roof. It rolled down on my cheeks like tears of heaven.

I could hear the cry of my little brother who is yet an infant crying for milk. My grandmother was saying “this naughty of rain is increasing. Oh god! please stop

playing tricks on us”she said. By saying this she began to curse the rain. I was hearing all these things by laying on my bed. Soon,the sleeping mother had captured me and I was laid into a wonderland.

It was a dark cloudy day . Usually I used to wake up by the welcome song of the sun. But it was entirely different on this day. Still it was raining.

I slowly get down from my bed. I was shocked and said “Oh my god! What is this?”I was really surprised and shocked at seeing the pitiful condition of my house. Water was gushing quickly. And now it is

reaching up to the height of my bed. I cried "Oh god!Mom….Mom! Where are you? Please save me".Soon I heard a voice. It was my grandmother. She said "Hey prithee,we are here. I slowly get down from my bed. Water was up to my knee. I slowly walked towards the kitchen. It was really hard to walk through the water. I felt very sad. All the household things were floating on rain water. My grandmother was trying to collect them. My mother sitting near the cupboard of my kitchen with my brother on her lap. He was sleeping without knowing anything. My mother was sobbing and trying

to contact my father who is working in abroad. But it may be due to the heavy storm and rain the tower systems might be destroyed.

Soon it spark into my mind that it was time for me to go to school. I quickly went to my room. I could see that all my books were drenched in the rain. Pages were floating here  and there. By seeing this,I felt immense pity and sorrow had turn me to great depression and I began to cry.

My mother was calling “Prithvi,were are you”she said. I quickly wipe my tears. I said “Mom I am here”.I was in a great

pathetic situation. I lost all my books;and when I goes to school teacher would punish me and moreover onam examination is on next week. How will I study?Who will help me?

Suddenly my grandmother was calling “Prithvi go and call meenakshi aunty,she might help us”.I soon went towards my courtyard. I cried “Oh my god! What is this”.

My courtyard was filled with water on all sides. It was like river in the courtyard….!

I was totally confused. Everything had changed in seconds of time. Now all my

hopes are in vain. I don't know what to do.

Soon my grandmother came struggling to walk in water. She shouted at seeing our courtyard. She shouted “Oh my god!what is this!Is this our end...Who will help us?Please save us.”

My mother was silent .But I knew that she was crying in her mind without showing her fear.

Two days without water our food we lived. Without any sign of hope .My grandmother was cursing the rain with all her harsh words. My mother too lose all her hope. She was trying to consolidate my

brother .Water level was rising in seconds. At that moment we heard a sound of some mens .It was a group of 3 fisherman. they took us from our house to their boats .We were all rescued and it was our survival. Their helping hand had given a new ray of hope to our life.Itchanged our miseries in a little way. A hope to live once again in this mother earth sparked in my family and even in the soul of my life. It was indeed a second life for me.

-Nanditha V Anil & GouriNanda

# കൂട്ടുകാർ

**-കവിത**

എന്നോടൊപ്പം ഇല്ലായിരുന്നവർ
എന്നോ എന്നിലെ ഞാനായി മാറിയവർ
എന്റെ കണ്ണീരുപ്പായി എന്നോ അവർ മാറി
എൻ പുഞ്ചിരിതൻ മാധുര്യം നുകരാൻ
അവർ ഒരു പൂമ്പാറ്റയായി
എന്നും നിഴലായി എൻ കൂടെ
ഉണ്ടാവുമെന്നിറപ്പുളവർ
ആകാശ സീമകൾ
താണ്ടിയാലും
എൻ ഹൃദയകോണിൽ
തിളങ്ങും
തീരാവെട്ടമായി അവർ
എൻ കൂട്ടുകാർ.....



-ആയിഷ അനൻ

# JUVENILE CRIMES

The crimes done by children below 14 years of age are juvenile crimes.



Juvenile crimes is a big social problem. Those are known as juvenile offenders. The major problems that leads children to crimes :

- ➔ Deflects in family relations.
- ➔ Use of intoxicants.
- ➔ Misuse of media.
- ➔ Deterioration of social values.

It is our duty to prevent the impulse of children to do such crimes. Many institutions work for this:

- ◆ Child guidance clinic.
- ◆ Counselling centre.

So we must take the preventive measures to avoid  juvenile crimes because children are the wealth of the nation . Withdrawal of our responsibility would hardly effect the future of nation and society.

- GouriNanda
IX A

# SONG OF DREAM

SAROJININAIDU



The Nightingale of India, SarojiniNaidu famous poem is 'Song of Dream'.She was an activist of freedom movement in India. She wrote the poem during the period were no independence and only violence .So there was no love,peace and truth .She had a land in her dreams. SarojiniNaidu was expressing how her mother land was .She was standing in a magical wood. The poet compared with spirit of love,truth and peace stream,birds and stars. She takes us to a magical wood .we really feels the presents of the magical wood because of many visual images that the poet uses throughout the poem. This poem is very interesting.

Malavika K V-9 D

# TO TELL YOU HI...



SAY YOU... SAY ME....

SAY IT TOGETHER

NATURALLY

SAY IT ALWAYS...

TOGETHER.....

SAY YOU... SAY ME...

BEHIND THE WALLS THE BOYS WERE

CRYING........

WHEN ALL LEAVES WERE RUSTLING

WHEN ALL BIRDS LEAVES THE SKY.....

I WILL BE THERE TO TELL YOU HI……….

-GOURINANDA

9 A



# LIFE A TIME OF CHANGES...

There are opportunities
which never waits for anyone
It's a time
to show all our unique potentials
which is given by the almighty

Life is a time
which can be transformed
even by me
It's a time
that waits for none
but can transform by anyone

It's our will
our spirit of ambition
our soul of love

towards the eternal
soul of our life .......

So make use of it
As far as possible
we don't know
about our life span.
So each and every second
Is valuable
So make use of it........

DIYA K P-VIII A

# PYRAMIDS

The civilization of Ancient Egypt lasted for more than 3000 years , which is longer than any other civilization known to us. Let us take a look at what we learn from this great civilization .




Pyramids are royal tombs that are built for Egyptian Pharaohs and high-ranking officials. The ancient Egyptian pyramids are some of the most impressive structures built by human in early times.

The Egyptian believed that if the Pharaohs body  was mummified , the Pharaoh would live forever . The tombs were designed to protect the Pharaoh 's body and his belongings.

-GouriNanda




# BIRTHDAY

It was a day that gives me an immense pleasure........
All things seem to be more fabulous than usual.....
Cool drops of
dew touched my
parched face...
The smell of the
cake that arrive
from the kitchen
conquered me....
And watered gush my mouth..
The candles that blew
The smiling face of balloons...
In my sisters hand
Like gratitude of affection the presents



spark into the heart of my soul...
It was my birthday ....
The unforgettable day in my life......

**-ANAGHA LAKSHMI-8 A**



# ഒരു പുനർവിചിന്തനം

-കവിത



തുലാവർഷം  വന്നെത്തീടാൻ
ഇനിയും താമസന്തേ ശിവശിവ
ആർത്തിമുഴുത്ത മനുഷ്യർകാട്ടുണ
കോപ്രായങ്ങൾക്കറുതിയുമില്ല
കാടുകൾവെട്ടി മണലുകൾ വാരി
കുന്നനിരത്തി വയലുനികത്തി
തോടുകൾ വറ്റി പുഴകൾ വറ്റി
കുളവും വറ്റി കിണറും വറ്റി
മരതകപ്പട്ടുപുതച്ചൊരു നാട്
മണലാരണ്യമായ് മാറുകയാണോ?
നാൽപ്പത്തിനാല് നദികൾ വാഴും
നാടിൻ ദുഃഖം നീരില്ലായ്മ
പ്രകൃതിസ്നേഹം പാടിനടക്കും

പ്രകൃതി ചൂഷണമുള്ളിൽ നടത്തും
കുടിവെള്ളത്തെ കുപ്പിയിലാക്കി
കോടികൾ നേടാനാശാക്കേണ്ട
മറ്റുള്ളവരുടെ തൊണ്ടയുണക്കി
നാട്ടുമുടിക്കും കൂട്ടരുവേണ്ട
കീശനിറക്കാനാദർശത്തെ
പണയം വെക്കുന്നവരും വേണ്ട
ജനനായകരെ ഇനിയുമിതൊന്നും
കണ്ടില്ലെന്ന് നടിച്ചീടല്ലേ
ജനസേവനമാം പാവനകർമ്മം
പണസേവനമായ് മാറ്റീടല്ലേ
മരണം വന്നു വിളിക്കുംനേരം
പണവും പദവിയുമൊപ്പം വരുമോ?
ജന്മാന്ത സഞ്ചിതകർമ്മഫലാൽ
ജന്മമിതൊന്നു ലഭിച്ചു നരയായ്
ദുഷ്കർമ്മത്താൽ സുകൃതക്ഷയമായ്
നരകം തന്നിൽ നിപതിക്കല്ലേ?
ഇനി നാമൊറ്റക്കെട്ടായ് നിന്നീ
ഊഷരഭൂമിയെ ഉർവരയാക്കാം
കാടും മലയും തോടും പുഴയും
പോയ്പ്പോകാതെ രക്ഷിച്ചീടാം
മഴവെള്ളം നാം പാഴാക്കരുത്

മിതഭോഗം നാം ശീലിക്കേണം
നാടിൻ നന്മയ്ക്കുതകുംവണ്ണം
നല്ലവരായ് നാം ജിവിക്കേണം.



സുമനാദേവി
(അധ്യാപിക)

# ചേമൻെറ തുടി

-വായനക്കുറിപ്പ്

പ്രശസ്ത കർണാടക കഥാകൃത്ത് ശിവരാമകാറന്തിൻെറ സാമകാലികപ്രസക്തിയുള്ള കൃതിയാണ്ചേമൻെറ തുടി.ഉയർന്ന ജാതിയിൽ ജനിച്ചിട്ടും സമൂഹത്തിൽ അവകാശങ്ങളും അർഹതയും ലഭിക്കാത്ത പുലയർക്കിടയിലേക്കാണ് അദ്ദേഹത്തിൻെറ കണ്ണുപതിച്ചത്. ഏറ്റവും താഴ്ന്ന ജാതിയാണ് പുലയർ എന്ന് മുദ്രകുത്തപെട്ട കാലമായിരുന്നു അത്.

ഭോഗഗ്രാമം എന്ന സ്ഥലത്താണ് കഥ ആരംഭിക്കുന്നത്.തുടി കോട്ടുന്ന പുലയൻെറ കഥ മനുഷ്യമനസാക്ഷിയെ നോമ്പരപ്പെടുത്തുന്നു.ബെള്ളിയും നീലനും,ഗുരുവനുമെല്ലാം കഥയെ വികാരഭരിതമാക്കുന്നു. ജന്മിമാരുടെ പാടത്തും വീട്ടിലും മരണപണിയെടുക്കുന്ന പുലയന്മാരുടെ ദൈന്യത നാംനേരിട്ടുകാണുന്നു. വിശപ്പുമാത്രം കൈവശമുള്ള അവർ ജീവിതത്തിൻെറ യഥാർഥ അർത്ഥമറിഞ്ഞവരാണ്.

നിശബ്ദമായ രാത്രിയിൽ തുടങ്ങുന്ന കഥ അവസാനിക്കുന്നത് മറ്റോരു വികാരപൂർണ്ണമായ അവസ്ഥയിലാണ്.മക്കളോരോന്നായ് തന്നിൽ-നിന്നകലുന്നത് അച്ഛനെന്ന നിലയിൽ ചോമനെ ഏറെ സങ്കടപ്പെടുത്തുന്നു.കഥയുടെ ഒടുക്കം ചോമൻെറയും അന്ത്യമാണ്.ബെള്ളിക്ക് സമൂഹത്തിൽ നേരിടേണ്ടിവ-

രുന്ന ചൂഷണങ്ങൾക്കെതിരെ കഥാകൃത്ത് വിരൽ ചൂണ്ടുന്നുണ്ട്.

അടിച്ചമർത്തപ്പെട്ട പുലയവർഗത്തിൻെറ അവസ്ഥ കഥാകൃത്ത് വാക്കുകളിലൂടെ വരച്ചിടുകയാണ്.

സംഘമിത്ര.എസ്

(9th B)

# My ways

**(poem)**



***One day I'll rise and fly away***
***Because I want to chase my dream***
***One day I want to eat***
***the piece of the sweet moon***
***One day the heaven calls my name***
***then I walk with fairies***
***I walk in my own ways***

*_Ameena sherin*

# വളരുന്ന കേരളവും

# തളരുന്ന മൂല്യങ്ങളും



വികസന കുതിപ്പിൻെറ സ്പന്ദനം നെഞ്ചോട് ചേർത്തുവച്ച് പുരോഗതിയുടെ പുതുഗാഥകൾ രചിക്കുകയാണ് കേരളം.

വ്യാവസായിക ഉന്നമനത്തിൻെറ പുതിയ വാതായനങ്ങളി-ലേക്ക് ചിറകടിച്ചുയരുന്ന എമർജിങ്ങ് കേരളയും തിരക്കേറിയ ജീവിത്തിന് കൂട്ടായെത്തുന്ന മെട്രോറെയിൽവെയും ഓള- പരപ്പിനെ ഭേദിച്ചുകൊണ്ട് പുത്തൻ പാതകൾ താണ്ടുന്ന വിഴിഞ്ഞം പദ്ധതിയും, അശരണർക്ക് ആശ്വാസമേകുന്ന സാന്ത്വനപദ്ധതികളും ഈ മുന്നേറ്റത്തിന് വഴിയൊരുക്കി കൊണ്ട് സമഗ്രമായ ഒരു മാറ്റത്തിലേക്ക് കേരളജനതയെ നയിച്ചുകൊണ്ടിരിക്കുകയാണ്.

പക്ഷെ, ഭൗതികമായ ഇത്തരം മാറ്റങ്ങൾ മാത്രമാണോ പുരോഗതിയുടെ അടിസ്ഥാനഘടകങ്ങൾ? പൈതൃകത്തിനും സാംസ്കാരിക സമ്പന്നതയ്ക്കും മൂല്യതത്ത്വ ബോധങ്ങൾക്കും ഒരു നാടിൻെറ വളർച്ചയിൽ സവിശേഷമായ പങ്കുണ്ട്. നൂറ്റാണ്ടുകളുടെ പഴമയിൽ മാറ്റുരക്കപ്പെട്ട



മഹത്തായ ഒരു പൈതൃകം നമുക്കവകാശപ്പെടാനുണ്ട്. ഹിമസാനുമുതൽ സേതുവരെ അലയടിക്കുന്ന മാഹാത്മ്യത്തെ അതിൻെറ യഥാർത്ഥമായ രീതിയിൽ ഉൾക്കൊള്ളണമെങ്കിൽ ദശാബ്ദങ്ങൾക്കുമ്പുള്ള കേരള നാട്ടിലേക്കുള്ള ഒരു തിരിച്ചു പോക്ക്, ഗതകാല സ്മരണകളിലൂടെയുള്ള തിരിച്ചറിവിൻെറ യാത്ര ആവശ്യമാണ്.

കേരളം,ഭാർഗവരാമൻെറ കോപാഗ്നിയിൽപ്പെട്ടുഴ
റിയ സമുദ്രഭ്രുവിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന "ദൈവത്തി
ൻെറ സ്വന്തം നാട്"ഐതിഹ്യങ്ങളിലും കാണാം.നിഗൂഢതയു
ടെയും അതിശയോക്തിയുടെയും സമ്പന്നമായ മാന്ത്രികസ്പർ
ശം. തുടർന്ന് അസംഖ്യം നാട്ടുരാജാക്കന്മാരുടെ വാഴ്ചയിലൂടെ
ഛിന്നഭിന്നമായ കേരളം. പറയാനുണ്ട് രക്തച്ചൊരിച്ചിലുകളുടെ
കണ്ണീരിൻെറ നനവുള്ള കഥകൾ. ചുരികത്തലപ്പിനാൽ അങ്ക
ത്തട്ടിൻെറ മുൾമുനയിൽ നിർത്തിച്ച ധീരയോദ്ധാക്കളുടെ കഥ.
സാഹിത്യത്തിൻെറ മാസ്മരികതയാൽ മായാപ്രപഞ്ചങ്ങൾ

സൃഷ്ടിച്ച അനുഗ്രഹീത കവികളുടെ, ജാതീയ ചിന്തകളുടെ, മതിൽക്കെട്ടുകളിൽ വീർപ്പുമുട്ടിയ, ഉച്ചനീചത ങ്ങളുടെ കനൽ-
ച്ചട്ടിയിൽ വെന്തുനീറിയ അനേകം ജീവിതങ്ങളുടെ കഥകൾ. ഇത്തരത്തിൽ കാലാതീതമായ വിശ്വാസങ്ങളിലൂടെയും സാമ്പ്രദായിക ക്രമങ്ങളിലൂടെയും ആവിഷ്കരിക്കപ്പെട്ട ഒരു മൂല്യ
സംഹിതയും, കൈമോശംവന്നുപോകാത്ത പ്രകൃതി സമ്പത്തും
നമുക്കുണ്ടായിരുന്നു. വശ്യമായ ഈ പ്രകൃതി സൗന്ദര്യത്തെ തൻെറ തുലികത്തുമ്പിനാൽ അനുവാചക ഹൃദയങ്ങളിലേക്ക് പകരാതിരുന്ന കവികളില്ല.



അറബിക്കടൽ നൂപുരം ചാർത്തുന്ന ഈ മനോഹരതീരത്ത് ഇനിയൊരു ജന്മം കൂടി ആവശ്യപ്പെട്ടുകൊണ്ട് വയലാറും പി.ഭാസ്കരനും ആശാനും
ഉള്ളൂരും വള്ളത്തോളും രചിച്ചകാവ്യങ്ങൾ ഈ പ്രകൃതിഭംഗിയെ ലോകത്തിനുമുമ്പിൽ

വരച്ചുകാട്ടുകയാണ് ചെയ്യുന്നത്.സമൃദ്ധിയുടെ ഹരിതാഭയണിഞ്ഞ വയലേലകളും സപ്തവർണാഞ്ചിതമാ-യ പൂക്കളും ഗഗനഭ്രുവിൽതൊട്ടു തൊട്ടുനിൽക്കുന്ന മലനിരകളും ,നിലാവിൻെറശുഭ്രതയിൽഞാറ്റുപാട്ടിൻെറഈണത്തിലാണ്ട നിശീഥിനികളുംഈനാടിനെ ,മറ്റൊരുസ്വർഗമാക്കിത്തീർക്കുകയായിരുന്നു.

കാലചക്രത്തിൻെറ ഗതിയിൽ ആധുനികതക്കു പിറകേ കുതിക്കാൻ വെമ്പൽ കൊള്ളുന്ന നാം ഈ സൗന്ദര്യത്തെ തൃണവൽക്കരിച്ചു കൊണ്ട് തൻെറ സ്വാർത്ഥ താൽപര്യങ്ങളുടെ പൂർത്തീകരണത്തിനായി ദുരുപയോഗം ചെയ്യുന്നു എന്നത് ദുഃഖകരമായ ഒരുസത്യമാണ്.

''യത്തേ ഭൂമി വിഘനാമി
ക്ഷിപ്രം തദപി രോഹിതു
മാ തേ മർമ്മ വിമൃഗ്വരി
മാ തേ ഹൃദയ മർപ്പിതം"

എന്ന ഭാരതീയ ദർശനം ഇന്ന് പ്രസക്തമായിരിക്കുന്നു. കുന്നുകൾ ഇടിച്ചു നിരത്തിയും കാവുകൾ ഇടിച്ചു നിരത്തിയും നാം നമ്മുടെ അസ്ഥിവാരം തോണ്ടുകയാണെന്നു മറക്കരുത്.

"അമ്മയാം സ്നേഹാബ്ധിതൻ
മാറിടത്തിലെ സ്നേഹമാം മുലപ്പാൽ
നുകർന്നിടും പൈതൽ പോൽ
മാതൃഭാഷയാം പാൽ നുകർന്നിടാം''

എന്ന കവിവാക്യം പോലെ മാതൃനാടിനേയും ഭാഷയേയും നമുക്ക് മുറുകെപിടിക്കാം……………….

സുമനദേവി

(അധ്യാപിക)

# THE SOUL OF OUR LIFE

-NANDHITHA V

In the midst of the town parlance three friends named as Angit , Ishana and Parthiv. They were considered as there persons with one heart . They were intimate friends from childhood.
One day Ishana went for a picnic with her friends in school .It was a tour in forest. All students were carefully taken by the teachers while passing through the deep forest . Meanwhile,Ishana saw a beautiful flower it was an orchid. She remembered that her friends Angit and Parthiv were fond of orchids ,.She decided to take the orchids .from the eyes of her teachers she escaped for plucking the orchids. She was sure about that if she ask them they will not allow her because it was near a stream. She thought “If I ask my teachers,she will say no so better I must pluck it and then show. Angit and

parthiv will be very happy”.She carefully plucked the orchids .But fate she slipped and fall into the streams.”Oh god! Please help me”she cried aloud .But the stream was very shallow and  the water is gushing her along with it .No one hear her.

Meanwhile, the missing news of Ishana spread among the students and finally in the ears of teachers. They all searched for her. But could not find .Finally they informed her parents .Her parents were shocked while hearing this. Finally Angit and parthiv hear the missing news .they ran towards the picnic spot .They saw police officers and Ishana's parents .The police officers did not allow them to enter inside the forest. But nothing could stop Angit and Parthiv because their friend was missing .It was a feeling that they forget themselves. Tears were rolling from their cheeks .Police officers and Ishana's parents ran behind them .Angit called aloud”Ishana were are you”he said .Parthiv shout aloud”You don't

worry we're here for you”he said. They ran about 10 kilometres .Police officers and Ishana's parents were tired .But those two hearts were searching for their intimate friend who was the rhythm for their heart .Soon they reach near a river side .There they saw Ishana. They ran towards her. While running Angit fall down and his knee was bruised with blood. But he felt no pain because he got his friend .Ishana was lying on the grass near the river. They take her head towards their lap and called aloud”Ishana open your eyes”they said .But....Ishana did not6 open her eyes .Parthiv notice the orchid. Which was kept near her heart .He remembered the day in which he fight with Ishana. Angit and Parthiv loved a girl named Jhaanvi.To succeed Jhanvi's love Parthiv decided to present her with his favourite flower the orchids. But without knowing this Ishana took the orchids and give to a girl Poornima for a flower

exhibition .Knowing this,Parthiv was very angry with her and he told Ishana that she must not come before him;and he hate her too .Hearing this she cried and beg him telling sorry more than hundred times .But he was not ready to forgive her because he was attracted for love .Those memories sink in his mind. Parthiv cried aloud.”Oh my friend,I didn't understand you”he said .Parthiv continued “No one in my life is as special than you. Your my friend my soul. I can't live without you .Without you we're nothing .I  love you my friend. Her eyes was half opened .Her hand was shivering .Parthiv and Angit looked at her anxiously .Ishana give the orchid slowly to parthiv's hand and she said “You are my soul. If your not with me I am not complete. As a budding flower of friendship without blooming she leaved this world. Ishana's hand was hold by Parthiv. As a dry leaf it fallen by the hands of the wind it falls down over the orchid.

# വയനാടിൻെറ കുളിരിലേക്ക്

യാത്രാവിവരണം



ഒരു യാത്രാവിവരണത്തെകുറിച്ച് ഓർത്തപ്പോൾ കുടുംബസമേതം നടത്തിയ വയനാട് യാത്രയാണ് ഓർമ്മവരുന്നത്. ഭൂമിക്കെന്നും കുളിരേകുന്ന ആ വനഭൂമിയേക്കുറിച്ചോർക്കുമ്പോൾ മനസ്സിലെന്നും കുളിരാണ്.

ജനുവരി മാസം 13 തിയ്യതി രാവിലെ 5.30 ന് ഞങ്ങൾ യാത്ര തിരിച്ചു.

എനിക്ക് സുഖകരമായ ഇരിപ്പിടം തന്നെ കിട്ടി. രാവിലെ ആയതിനാൽ നല്ല തണുപ്പുണ്ടായിരുന്നു. വണ്ടി കുത്തനെ മല കയറുകയാണ്. ഒരു വശത്ത് അഗാധമായ കൊക്കകളാണെന്ന ബോധം അൽപം പേടിതരാതിരുന്നില്ല. ഞങ്ങൾ 8.30 യ്ക്ക് തോൽപ്പെട്ടി

വന്യജീവിസങ്കേതത്തിലേക്ക് യാത്ര തിരിച്ചു.
അന്തരീക്ഷമാകെ മഞ്ഞുമൂടിയിരുന്നു. എല്ലാവരും കമ്പിളി
വസ്ത്രങ്ങൾ ധരിച്ചിരുന്നു. ഇടതൂർന്ന വനങ്ങളിലൂടെ
സൂര്യപ്രകാശം അരിച്ചിറങ്ങുന്നു. കാടുകളിൽ ധാരാളം
ഏലച്ചെടികൾ തഴച്ചു വളരുന്നു. വഴിയിൽ കുരങ്ങന്മാരുടെ
വികൃതിയും സന്തോഷം പകർന്നു.


ഞങ്ങൾ 10.30 യോടെ
ബാണാസുരസാഗറിൽ എത്തിച്ചേർന്നു. അവിടെയുള്ള
പടികൾ കയറി ഞങ്ങൾ തളർന്നിരുന്നു. അതിന്റെ
മുകളിൽ  എത്തിയപ്പോൾ അതിസുന്ദരം. ശാന്തമായി
ഒഴുകുന്ന വെള്ളം . അവിടെ ഞങ്ങൾ  കുറേ സമയം
ഊഞ്ഞാൽ ആടി . എന്ത് രസമായിരുന്നു അത്.
മണ്ണുകൊണ്ട് നിർമ്മിച്ച ആ ഡാം  കൗതുകം പകർന്നു.
ഒഴുകുന്ന സോളാർ പാനൽ അതിലേറെ കൗതുകം
പകർത്തി.

ശ്രീനന്ദ.ടി.കെ
X D

# ബെന്യാമിന്റെആടുജീവിതം

- വായനക്കുറിപ്പ്

പ്രശസ്ത കഥാകൃത്ത് ബെന്യാമിൻെറ ആടുജീവിതം എന്ന കൃതിയാണ് ഞാൻ വായിച്ചത്. നജീമ്, ഹക്കീമ്,ദവാബ്,കുഞ്ഞിക്ക,സൈനു എന്നിവരാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. നാട്ടിൽ ജോലി ചെയ്യുന്ന നജീമ് എന്ന യുവാവ് ഒരു ബന്ധുവിൻെറ സുഹൃത്ത് വഴിയാണ് സൗദി അറേബ്യയിലേക്ക് പോകുന്നത്. അറേബ്യൻ ജീവിതത്തിൻെറ ബുദ്ധിമുട്ടുകൾ കഥാകൃത്ത് തനതായ രീതിയിൽ അവതരിപ്പിക്കുകയാണ് ഈ കഥയിലൂടെ. നജീമ് എന്ന യുവാവിന് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും



നേരിടേണ്ടിവന്ന പ്രതിസന്ധികളുമാണ് ഈ കഥയിൽ നിറഞ്ഞുനിൽക്കുന്നത്. നജീമിനോട് സൗദി അറേബ്യയിലേക്ക് യാത്ര ചെയ്ത സഹയാത്രികനായിരുന്നു ഹക്കീം. ഒരുപാട് പ്രതീക്ഷകളോടും സന്തോഷത്തോടെയുമാണ് നജീമ് സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യുന്നത്. എന്നാൽ കൃത്യമായ ഭാഷ അറിയാത്തതിനാൽ ഹക്കീമും ,നജീമും തങ്ങളെ കൊണ്ടുപോകാൻ വന്ന അറബിയാണെന്ന് തെറ്റിദ്ധരിച്ച് മറ്റൊരു അറബിയോടപ്പം യാത്ര ചെയ്യുന്നു. ജോലി സ്ഥലത്തെത്തിയപ്പോഴാണ് നജീമ് മനസ്സിലാക്കിയത്. ഏകാന്തമായ ആ മരുഭൂമിയിൽ കഠിനമായ ചൂടിനെ അവഗണിച്ച് ഏറെ കഷ്ടതകൾ സഹിച്ചുവേണം തങ്ങളുടെ ജോലി ചെയ്യാൻ. വിശ്രമമില്ലാത്ത നജീമിൻെറ ജോലി അദ്ധേഹത്തെ മറ്റൊരു രൂപത്തിൽ എത്തിക്കുന്നു. ദൊവാബിൻെറ നിരന്തരമായ മർദനം നജീമിനെ അവിടെ നിന്ന് ഓടിരക്ഷപ്പെടാൻ പ്രരിപ്പിക്കുന്നു.പിന്നീട് നജീമിനെ സഹായിച്ചത് കുഞ്ഞിക്കയാണ്.മനുഷ്യത്വത്തിൻെറ തരികൾ ഇന്നും മനുഷനിൽ നിലനിൽക്കുന്നുണ്ട് എന്നതിന് തെളിവാണ് ഇദ്ദേഹം. പാസ്സ്പോർട്ട് നഷ്ടപ്പെട്ട നജീമ് ഇന്ത്യൻ എബസിയുടെ സഹായത്താലാണ് പിന്നീട് നാട്ടിലേയ്ക്ക് വരുന്നത്. ജീവിതത്തിൽ ഉടനീളം

ഉണ്ടായിരുന്ന പ്രതീക്ഷയാണ് നജീമിനെ സങ്കടങ്ങളിൽ നിന്ന് ഉയർന്നെഴുന്നേൽക്കാൻ പ്രേരിപ്പിച്ചത്. കഥാകൃത്ത് സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്.ഏറെ വ്യത്യസ്തതയുള്ള ആടുജീവിതം എന്ന ശീർഷകം വായനക്കാരെ ആകർഷകമാക്കുന്നു. നജീമിൻെറ കഷ്ടതകൾ വായനയിലൂടെ നമുക്കും പ്രതീതമാകുന്നു. ജീവിതത്തിൽ നമ്മെ കൈപ്പിടിച്ച് നടത്തുന്നത് പ്രതീക്ഷയാണെന്ന അവബോധവും നൽകുന്ന വളരെ നല്ലൊരു കഥയാണ് ആടുജീവിതം.

കീർത്തന (9 D)

# മരം



ആരോ കുഴിച്ചിട്ടതാകാം
അരുമയായി
ഭൂമിതൻ മാറിൽ
ഒരു നാളിലെന്നയും
അല്ലങ്കിലേതോ മരത്തിൻെറ
വിത്തുവീണെ-
ന്നോമുളച്ച പട്ടുമുള യായിടാം
എന്നോമുളച്ച പട്ടുമുള യായിടാം.
എന്താകിലും , ഞാനേകുന്നിവർക്കിന്നെൻെറ-
ഹൃദയത്തിൽ സ്നേഹതണലുകൾ.
ആരോരുമില്ലാത്ത വളർന്ന
എനിക്കിന്ന് കൂട്ടുകാരായിതാ
പക്ഷികളും മറ്റും.
തണലായും വാസസ്ഥലമായുമി-
വർക്കിന്ന് എൻെറ സൗഹൃദം
ഞാൻ പങ്കുവയ്ക്കുന്നു.
സകലജീവജാലങ്ങൾക്കുമിന്നു ഞാൻ
ഏറെ ആശ്വാസം പകർന്നീടുന്നു വല്ലോ
എന്നും ഇവർക്കാശ്വാസമായിതാ ഞാനെൻ
ജീവിതം സഫലമാക്കീടുന്നു.

ദേവപ്രിയ (9 D)

# സ്കൂൾ അസംബ്ലി



# നന്ദിപൂർവ്വം

*സിയാ ഷംസീർ*



# നന്ദിപൂർവ്വം........

സാങ്കേതിക വിദ്യയുടെ തോളിലേറ്റി ഞങ്ങളെ വിജ്ഞാനത്തിന്റെ ലോകത്തിലേക്ക് കൈപിടിച്ച് കയറ്റി കൊണ്ടിരിക്കുന്ന ലിറ്റിൽകൈറ്റ്...... അതിന്റെ നേട്ടങ്ങളിൽ ഒരു  പൊൻതൂവൽ കൂടി ചേർക്കാൻ ഈ ഡിജിറ്റൽ മാഗസിന് സാധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അണിയറയിൽ പ്രവർത്തിച്ചവരുടെ കഴിവ് ഒന്നു കൊണ്ട് മാത്രമാണ്. ഈ ഉദ്യമത്തിൽ ഞങ്ങളോട് ഒപ്പം നിന്ന ഹെഡ്മിസ്ട്രസ് സി.രേഖ,കൈറ്റ് മിസ്ട്രസ്മാരായ ശ്രീമതി.സിന്ധു ജോയ്,ശ്രീമതി.ശ്രീജ.എൻ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.സൃഷ്ടികൾ തന്ന് ഞങ്ങളെ  സഹായിച്ച വിദ്യാർത്ഥിനികൾ,അധ്യാപികമാർ, ഒരുമ കൊണ്ട് എന്തും നേടാൻ സാധിക്കും എന്ന് തെളിയിച്ച ലിറ്റിൽ  കൈറ്റ് യൂണിറ്റിലെ ഓരോ  അംഗങ്ങൾക്കും  ഒരായിരം നന്ദി....



# സ്നേഹപൂർവം

**little KITES**

ST.ANTONY'S GHS VATAKARA


THANK
YOU